File No.LSGD-EPA1/63/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.എ.കെ.ഷാജിക്ക് കലാ സാംസ്കാരിക പ്രവർത്തനങ്ങളിലും നാടകത്തിൽ പ്രവർത്തിക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2068/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/11/2020

---

പരാമർശം:- 1 ശ്രീ.എ.കെ.ഷാജി യുടെ അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 05.02.2020 ലെ ഇ6-17367/19നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.എ.കെ.ഷാജിക്ക് കലാ സാംസ്കാരിക പ്രവർത്തനങ്ങളിലും നാടകത്തിൽ പ്രവർത്തിക്കുന്നതിനും അനുമതിയ്ക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. 1960- ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ന്റെ ആദ്യ പ്രൊവിസോ പ്രകാരം ശാസ്ത്ര, കലാ - സാംസ്കാരിക, സാമൂഹിക സാഹിത്യ രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരാത്തതരത്തിലും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് സോപാധിക അനുമതിയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. മാത്രമല്ല, ഇത്തരം കലാ - സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ആയത് സർക്കാരിനെയോ സർക്കാർ നയങ്ങളെയോ വിമർശിക്കാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ സർക്കാർ ജീവനക്കാർക്ക് കലാസാഹിത്യരംഗത്തും ദൃശ്യമാധ്യമരംഗത്തും പ്രവർത്തിക്കുന്നതിനു അനുമതി നൽകുന്ന പൊതുവായ വ്യവസ്ഥകളോ, ഉത്തരവുകളോ നിലവിലില്ല .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.എ.കെ.ഷാജിക്ക് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം

വരാത്ത രീതിയിലും പ്രതിഫലം പറ്റാതെയും സർക്കാരിനെതിരെയുള്ള പരാമർശങ്ങളൊന്നും പ്രസ്തുത പരിപാടിയിൽ പുറപ്പെടുവിക്കാതെയും പ്രവർത്തിക്കുന്നതാണെന്ന വ്യവസ്ഥയിൽ ചട്ടം 48 ന വിധേയമായി പ്രതിഫലം കൂടാതെ കലാ സാംസ്കാരിക പ്രവർത്തനങ്ങളിലും നാടകത്തിൽ പ്രവർത്തിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.എ.കെ.ഷാജി, ക്ലാർക്ക്, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(11.05.2020 ലെ ADV-B2/45/2020-PandARD നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്. ഡയറക്ടർ,

ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(63/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ